(ബി) ഉണ്ട്. വിഭജനം നടത്തുമ്പോൾ ഇപ്പോഴുള്ള സർവ്വെ നമ്പരുകൾ മാറ്റി വിഭജിക്കപ്പെടുന്ന വില്ലേജുകളിൽ പുതിയതായി സർവ്വെ നമ്പരുകൾ ഏർപ്പെടുത്തേണ്ടതാണെന്ന സർവ്വെ സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്. ഇപ്പോഴത്തെ കമ്മിറ്റി ഈ കാര്യവും പരിഗണിക്കുന്നതാണ്.

കാളനൈസേഷൻ.

318. [6] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ പകുതിയിൽ വാളക്കോട് സർവ്വെ 644/1, 28½ ഏക്കർ സ്ഥലം പിന്നോക്കസമുദായക്കാർക്ക് കാളനൈസേഷൻ പദ്ധതി പ്രകാരം കൊടുക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ സ്ഥലം കഴിയുന്നതും വേഗത്തിൽ അവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം.

(എ) പുനലൂർ പകുതിയിൽ വാളക്കോട് സർവ്വെ 644/1-ൽ 28½ ഏക്കർ സ്ഥലം പിന്നോക്കസമുദായക്കാർക്ക് കാളനിക്കവേണ്ടി കൊടുക്കുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ സ്ഥലം കഴിയുന്നതും വേഗത്തിൽ അവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

വനം കൃഷിക്കാർ.

319. [7] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റിസർവ്വ് വനത്തിൽപ്പെട്ട എത്ര ഏക്കർ ഭൂമി, ഗ്രോ മോർ ഫുഡ് സ്കീം യാതനക്കാർക്ക് പതിവ്, കാളനൈസേഷൻ സ്കീം, എക്സ് സർവ്വീസ്മെൻ കോളനി തുടങ്ങിയ ഏർപ്പാടിൽ 1947-മുതൽ 1955 വരെയുള്ള കാലത്ത് കൃഷിക്ക് നൽകിയിട്ടുണ്ട്; ഓരോ ഡിവിഷനിലും നൽകിയിട്ടുള്ളത് എത്ര ഏക്കർ വീതം; മറ്റ് ഭൂമിയുള്ളവരായി എത്ര പേർ ഇങ്ങനെ ഭൂമി കൈയ്യടക്കി വച്ചിട്ടുണ്ടെന്ന് അന്വേഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരെ ആരെയെങ്കിലും കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ ഒഴിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെ; എവിടെയൊക്കെ; ഈ ഭൂമി കൈവശംവച്ച് കൃഷി ചെയ്യുവരുന്ന സാധു കൃഷിക്കാരേയും കർഷകത്തൊഴിലാളികളേയും ഇക്കഴിഞ്ഞ അർദ്ധവർഷത്തിൽ ഒഴിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെ ആരെ; അവരെ ഒഴിപ്പിക്കാനുള്ള നടപടികൾ നിറുത്തിവയ്ക്കുകയും ഒഴിപ്പിച്ചെടുത്ത ഭൂമി അവർക്ക് തിരിച്ചുകൊടുക്കുകയും ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

ഡിവിഷൻ	G. M. F. Scheme.	Colonisation.	Ex-Servicemen.	Political sufferers.
കോട്ടയം	6716	2980	888	681.
മലയാറ്റൂർ	2572	4634	290	35.
ചാലക്കുടി	2007	101	950	Nil
കൊല്ലം	3813	78	200	116.
കോന്നി	5375	1576	1228	114.
ചെങ്കോട്ട	1458	50.35.	Nil	30.
തൃശ്ശൂർ	5612	Nil	Nil	Nil
തിരുവനന്തപുരം	1545	680	50	26

മറ്റു ഭൂമിയുള്ളവരായി എത്ര പേർ ഭൂമി കൈയ്യടക്കി വച്ചിട്ടുണ്ടെന്നു് അറിവില്ല. സംഘടിപ്പിക്കാരേയും കർഷകത്തൊഴിലാളികളേയും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറ്റു ചോദ്യങ്ങൾക്കു ഉത്തരം ഉദിക്കുന്നില്ല.

വൈദ്യകലാനിധി പാസ്സായ വൈദ്യന്മാരുടെ എണ്ണം.

320. [8] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ ആയുർവ്വേദ ആശുപത്രികളിലും, ഡിസ്പെൻസറികളിലും വൈദ്യകലാനിധി പാസ്സായ എത്ര വൈദ്യന്മാർ ഉണ്ടു്;

(ബി) അവർക്കു് നൽകുന്ന ശമ്പളം, അലവൻസു് ഇവയുടെ നിരക്കെന്തു്;

(സി) എം. ബി., ബി. എസ്. പാസായ ഒരു ഡാക്ടർക്കു് ഇന്ത്യാഗവണ്മെന്റ് നൽകുന്ന ശമ്പളം അലവൻസു് ഇവയുടെ നിരക്കെന്തു്;

(ഡി) വൈദ്യകലാനിധി പാസാകുന്നതിനു് എത്ര വർഷത്തെ കോഴ്സു് ഉണ്ടു്;

(ഇ) എം. ബി. ബി. എസ്സിനു് എത്ര വർഷത്തെ കോഴ്സുണ്ടു്?

ഉത്തരം.

(എ) ചീഫ് ഫിസിഷ്യൻ 1, ഇൻസ്പെക്ടർ ഓഫ് ഇൻഡിജിനസ് മെഡിസിൻ 3, സീനിയർ ഫിസിഷ്യൻ 1, ഫിസിഷ്യൻ 2, അസിസ്റ്റന്റ് ഫിസിഷ്യൻ 24. ആകെ 31

(ബി) ചീഫ് ഫിസിഷ്യൻ രൂ. 125—200.
ഇൻസ്പെക്ടർ ,, 70—150.
ഫിസിഷ്യൻ ,, 40—100.
അസിസ്റ്റന്റ് ഫിസിഷ്യൻ ,, 35— 80.

LIBRARY ARCHIVES Kerala Legislative Assembly